# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

# Vision ed

2024-2025



## എ.എം.എ.യു.പി.സ്കൂൾ
## കുണ്ടുതോട്

# അക്കാദമിക മാസ്റ്റർ പ്ലാൻ (അറബിക്) 2025-2026

## സമഗ്ര ഗുണമേൻമ വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി തയ്യാറാക്കിയത്

# മാസ്റ്റർ പ്ലാൻ

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|---|
| | അറബി ഭാഷ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക<br><br>എഴുത്ത് വായന | ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു.<br>ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ-ആഗസ്റ്റ് | പുസ്തകങ്ങൾ<br><br>കാർഡുകൾ |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|---|
| | അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക<br><br>പദ സമ്പത്ത് അധികരിപ്പിക്കുക | പുതിയ പദം പരിചയപെടൽ ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ ചെറിയ അറബി കഥാപുസ്തകത്തിൽ നിന്ന് ശേഖരിക്കാൻ ആവശ്യപെടുന്നു.<br>അറബിക് ചിത്രകഥാ വായനക്ക് അവസരം നൽകുന്നു.<br>സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുന്നു. | സെപ്റ്റംബർ -നവംബർ | അറബിക് പുസ്തകങ്ങൾ<br><br>കാർഡുകൾ<br><br>വിഡീയോ ക്ലിപ്പുകൾ |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|---|
| | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക.<br><br>അറബിക് അസംബ്ലി | പതിപ്പുകളുടെ നിർമ്മാണം<br>മാഗസിൻ<br>ചുമർപത്രിക<br>ഭാഷാകളികൾ<br><br>ക്ലാസ് തലത്തിൽ അറബിക് അസംബ്ലി നടത്തുന്നു.<br>മാസത്തിലൊരിക്കൽ സ്കൂൾ തല അസംബ്ലി നടത്തുന്നു. | ഡിസംബർ - ഫെബ്രുവരി | പത്രങ്ങൾ<br>മാഗസിൻ<br>പുസ്തകങ്ങൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ-സംസ്കൃതം

പ്രവർത്തനം1

**പദ്ധതിയുടെ പേര്: ഭാഷയെ അറിയുക**

| | |
|---|---|
| ലക്ഷ്യം /ഉദ്ദേശ്യം | അക്ഷരജ്ഞാനം അക്ഷരശുദ്ധി എന്നിവയിലൂടെ സംസ്കൃത ഭാഷയെ അറിയുക സ്നേഹിക്കുക |
| പ്രക്രിയ | രണ്ടു വര കോപ്പി എഴുതുന്നതിലൂടെയും ഉച്ചാരണത്തിലൂടെയും ഭാഷയെ ഉറപ്പിക്കുക ഇതിനായി ചാർട്ട്, പുസ്തകങ്ങൾ ഉപയോഗിക്കുന്നു |
| കാലയളവ് | ജൂൺ മുതൽ മാർച്ച് വരെ |
| സാമ്പത്തികം | ടീച്ചർ,PTA |
| ഡോക്യുമെന്റേഷൻ | സംസ്കൃതം ടീച്ചർ |
| പ്രചാരണം | സോഷ്യൽ മീഡിയ, പത്രമാധ്യമങ്ങൾ |
| മോണിറ്ററിങ് /വിലയിരുത്തൽ | എസ്.ആർ.ജി, എച്ച്.എം, വിഷയ സമിതി |

പ്രവർത്തനം2

| | |
|---|---|
| ലക്ഷ്യം /ഉദ്ദേശ്യം | കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക<br>വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക |
| പ്രക്രിയ | ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം |
| കാലയളവ് | സെപ്റ്റംബർ മുതൽ ഡിസംബർ വരെ |
| സാമ്പത്തികം | ടീച്ചർ,PTA |
| ഡോക്യുമെന്റേഷൻ | സംസ്കൃതം ടീച്ചർ |
| പ്രചാരണം | സോഷ്യൽ മീഡിയ, പത്രമാധ്യമങ്ങൾ |
| മോണിറ്ററിങ് /വിലയിരുത്തൽ | എസ്.ആർ.ജി, എച്ച്.എം, വിഷയ സമിതി |

പ്രവർത്തനം3

**<u>പദ്ധതിയുടെ പേര്: വായനയുടെ ലോകത്തേക്ക്</u>**

| | |
|---|---|
| ലക്ഷ്യം /ഉദ്ദേശ്യം | കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ |
| പ്രക്രിയ | തെരഞ്ഞെടുത്ത ലളിതമായ പുസ്തകശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br><br>ഓരോ സംസ്കൃത പിരീഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുന്നു. |
| കാലയളവ് | ജൂലൈ മുതൽ ഡിസംബർ വരെ |
| സാമ്പത്തികം | ടീച്ചർ,PTA |
| ഡോക്യുമെന്റേഷൻ | സംസ്കൃതം ടീച്ചർ |
| പ്രചാരണം | സോഷ്യൽ മീഡിയ, പത്രമാധ്യമങ്ങൾ |
| മോണിറ്ററിങ് /വിലയിരുത്തൽ | എസ്.ആർ.ജി, എച്ച്.എം, വിഷയ സമിതി |

പ്രവർത്തനം 4

| | |
|---|---|
| ലക്ഷ്യം /ഉദ്ദേശ്യം | യു.പി.തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ |
| പ്രക്രിയ | അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ അക്ഷര കാർഡ്<br>വാക്കുകൾ എഴുതിയ കാർഡ്<br>ക്ലാസ് റൂമിൽ അക്ഷരമാല പ്രദർശനം<br>അക്ഷരമാല കളികൾ<br>അക്ഷരമരം നിർമ്മിക്കൽ<br>പാട്ടും കഥകളും കേൾപ്പിക്കൽ |
| കാലയളവ് | ജൂലൈ മുതൽ ഡിസംബർ വരെ |
| സാമ്പത്തികം | ടീച്ചർ,PTA |
| ഡോക്യുമെന്റേഷൻ | സംസ്കൃതം ടീച്ചർ |
| പ്രചാരണം | സോഷ്യൽ മീഡിയ, പത്രമാധ്യമങ്ങൾ |
| മോണിറ്ററിങ് /വിലയിരുത്തൽ | എസ്.ആർ.ജി, എച്ച്.എം, വിഷയ സമിതി |

# ആമുഖം

ഇന്ത്യയിൽ ജനിച്ച്, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഖഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

........ ..........................................................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസരഹിതവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കൈയ്യെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പഠനം ആഘോഷം ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | മേരെ അൽഫാസ് ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം ,വായന കാർഡ് നിർമാണം | | | | |
| 3 | **e-ദുനിയ** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | **ജസാന-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 6 | മുശാഇറാ | ഉർദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | **ഹം മിലേം** ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ്<br>അക്ഷര മരം<br>ഭാഷാ സെമിനാർ<br>എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം, |

**മേഖല യു പി വിഭാഗം - മലയാളം**

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| അക്ഷരചാർട്ട് നൽകി അക്ഷരം ഉറപ്പിക്കുന്നു | ജൂൺ | മലയാളം അധ്യാപകർ |
| അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ സൃഷ്ടിക്കുന്നു. | | |
| വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു | ജൂലൈ | |
| അസംബ്ലിയിൽ ക്ലാസ്സ് അടിസ്ഥാനത്തിൽ പത്ര വായന പ്രോത്സാഹിപ്പിക്കൽ | ആഗസ്റ്റ് മുതൽ | |
| വാർത്താവായനാമത്സരം (ക്ലാസ്സ് തലത്തിൽ വായന നടത്തി തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് അവസരം നൽകുന്നു.) | സെപ്റ്റംബർ | ക്ലാസ്സ് ടീച്ചേഴ്സ് |
| ഇ-കമ്പ്യൂട്ടിംങ് - മുഴുവൻ കുട്ടികളെയും മലയാളം ടൈപ്പിംഗ് പരിശീലിപ്പിക്കുന്നു. | ഒക്ടോബർ മുതൽ ഫെബ്രുവരി വരെ | മലയാളം അധ്യാപകർ |
| വായനാകുറിപ്പ് തയ്യാറാക്കൽ | ജനുവരി | |

**ACADEMIC MASTERPLAN . ENGLISH . AMAUPS KUNDUTHODE**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1) പഠന വിടവ് കണ്ടെത്തൽ | know me letters : ഇംഗ്ലീഷ് അക്ഷരമാല അഭ്യാസം (വലുത് ചെറുത് ) വായന, ഉച്ചാരണം. | ജൂൺ |
| 2) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരമൊരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ |
| 3) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കു വാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ ,ഓഗസ്റ്റ് |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെ ടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽനിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി എണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | എല്ലാ മാസങ്ങളിലും |

| | | |
|---|---|---|
| 4) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു.<br><br>5) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീ സുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമു കളിലുമായി പ്രദർശിപ്പിക്കുന്നു.<br><br>Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെ ശ്രുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയഗ്രൂപ്പിനെ വിജയിയായി പഖ്യാപിക്കുന്നു.<br><br>Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.<br><br>The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെ ടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവി ധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br><br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് ROLE PLAY നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | ദിനാചരണങ്ങളിൽ<br><br>ഫെബ്രുവരി<br><br>ഇംഗ്ലീഷ് ക്ലാസ്സുകളിൽ<br><br>വർഷാവസാനം<br><br>വർഷാവസാനം |

# AMAUPS KUNDUTHODE 2025-26

## ACADEMIC MASTER PLAN

### HINDI

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 5,6,7 ക്ലാസ്സിൽ അക്ഷരം ഉറപ്പിക്കൽ. ഹിന്ദി 5 ക്ലാസിന് ഹിന്ദി ഇഷ്ടപ്പെടാനും പരിജയപ്പെടാനും അവസരം ഒരുക്കുക | പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിലെ അർത്ഥവും ചിത്രവും അക്ഷരവും കാണിച്ചു പഠിപ്പിക്കൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ |
| ഹിന്ദി വായന തെറ്റ് കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം | നിരന്തരം പുസ്തകം വായിപ്പിക്കുക ഹിന്ദി ചിത്രങ്ങൾ കാണിച്ചു അവയുടെ പേര് പറയിപ്പിക്കുക | സെപ്റ്റംബർ മുതൽ നവംബർ വരെ |
| ഹിന്ദി സംസാരം നിത്യ ജീവിതത്തിൽ ആവശ്യമുള്ള വസ്തുക്കളെ ഹിന്ദിയിൽ പരിജയപ്പെടുത്തുക | അധ്യാപകർ ഹിന്ദി തെറ്റിച്ചു വായിച്ചു കുട്ടികൾ അത് കറക്ഷൻ ചെയ്യുന്നു | ഡിസംബർ മുതൽ ഫെബ്രുവരി വരെ |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ -2025-26 (ബേസിക് സയൻസ്)



| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | വിദ്യാർത്ഥികളെ ശാസ്ത്രനാമ ബോധം ഉള്ള വരാക്കാനും പരീക്ഷണ നിരീക്ഷണ മനോഭാവം വളർത്താനും | <u>സയൻസ് കിറ്റ് നിർമ്മാണം</u><br>ലഭ്യമായ വസ്തുക്കളെയും പാഠപുസ്തകത്തിലെ ഒരു അധ്യായന വർഷത്തെ പരീക്ഷണങ്ങൾക്ക് ആവശ്യമായ വസ്തുക്കളെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സയൻസ് കിറ്റ് | ജൂലൈ – ആഗസ്റ്റ് | ക്ലാസ് ടീച്ചർ, സയൻസ് അധ്യാപകർ | |
| 2 | വിവിധ ഔഷധസസ്യങ്ങളെയും മറ്റു സസ്യങ്ങളെയും ജന്തുക്കളെയും ഉൾക്കൊള്ളിച്ച് ജൈവ വൈവിധ്യ പാർക്ക് | <u>ജൈവവൈവിധ്യ ഉദ്യാനം വിപുലീകരണം</u><br>സ്കൂൾ ജൈവ വൈവിധ്യ പാർക്ക് കൂടുതൽ സസ്യ വർഗ്ഗങ്ങളെ ഉൾചേർത്തു കൊണ്ട് വിപുലീകരിക്കുന്നു. | സെപ്റ്റംബർ – ഒക്ടോബർ | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് അംഗങ്ങൾ | |
| 3 | ഉയരം ഭാരം മറ്റു ആരോഗ്യ കാര്യങ്ങൾ കണ്ടെത്താൻ | കുട്ടികളെ കുട്ടികളുടെ ഉയരം, ഭാരം, BMI, Blood Gp, BMI, കാഴ്ച, കേൾവി ഇവ കണ്ടെത്താനും രേഖപ്പെടുത്താനും. | ഒക്ടോബർ – നവംബർ | സയൻസ് അധ്യാപകർ, SRG Convenor, HM | |
| 4 | ഭക്ഷ്യോൽപന്നങ്ങളിലെ വൈവിധ്യം | <u>ഭക്ഷ്യമേള:</u><br>വ്യത്യസ്ഥ ഭക്ഷ്യോൽപന്നങ്ങളെ തിരിച്ചറിയാനും പ്രദർശിപ്പിക്കാനും കഴിയുന്നു. | ഡിസംബർ – ജനുവരി | സയൻസ് അധ്യാപകർ, മറ്റ് അധ്യാപകർ | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5 | കൃഷി രീതികളെക്കുറിച്ചും കൃഷിയിലെ നൂതന ആശയങ്ങളെ ക്കുറിച്ചും മനസ്സിലാക്കുന്നതിന് | <u>ഫീൽഡ് ട്രിപ്പ്:</u> നൂതന കൃഷി രീതികളായ വെഡിങ് വെഡിങ് ഗ്രാഫ് റ്റിംഗ് ഇവ മനസ്സിലാക്കുന്നതിന്. | നവംബർ – ഡിസംബർ | സയൻസ് അധ്യാപകർ | |
| 6 | ആകാശ വിസ്മയങ്ങളെ കുറിച്ച് വ്യക്തത വരുത്താനും ചാന്ദ്രനെ കുറിച്ച് കൂടുതൽ മനസ്സി ലാക്കാനും | <u>വെർച്ചൽ ടൂർ:-</u> ബഹിരാകാശത്തെ കുറിച്ചും ബഹിരാകാശ യാത്രിക രെക്കുറിച്ചും മറ്റ് ആകാശ ഗോളങ്ങളെക്കുറിച്ചും മനസ്സി ലാക്കുന്നതിനും വീഡിയോ പ്രദർശനം. | ജനുവരി – ഫെബ്രുവരി | സയൻസ് അധ്യാപകർ – ക്ലബ്ബ് അംഗങ്ങൾ | |
| 7 | ജീവിത ശൈലി രോഗങ്ങളെ കുറിച്ച് മനസിലാക്കാനും, കുട്ടികളിലെ ആരോഗ്യത്തിന്റെയും പോഷണത്തിന്റെയും പ്രാധാന്യവും വ്യക്തമാക്കുന്നതിന് | <u>ഡോക്ടേഴ്സ് ടോക്ക്</u> ഡോക്ടറുടെ ക്ലാസ് ജീവിത ശൈലി രോഗങ്ങളെ സംബന്ധിച്ചും കുട്ടികളിലെ ആരോഗ്യത്തെ സംബന്ധിച്ചും. | ജനുവരി – ഫെബ്രുവരി | സയൻസ് അധ്യാപകർ | |

# A M A U P SCHOOL KUNDUTHODE

## ACADEMIC MASTER PLAN OF SOCIAL SCIENCE

2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിൻറെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual field trip**<br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ,വാർഡ്സഭ,എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4. പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം നേർക്കാഴ്ച**<br>ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും സുരക്ഷാപ്രവർത്തകരുടെ സഹായത്തോടെ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു മിതവ്യ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമാകുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |
| 6. വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | **ചിലന്തി വലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നി വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | **കൂടെവിടെ മക്കളെ (ഫീൽഡ് ട്രിപ്പ്- സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യൻറെ ഇടപെടലുകൾക്ക് വിധേയമായ ഇടങ്ങൾ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 8. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | **പൊതു ചക്രവാളത്തിലേക്ക്**<br>അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷം നേരം കൊണ്ടന്ന രീതിയിലുള്ള ചോദ്യോത്തരം വേളകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

മേഖല യു പി വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം നൽകുന്നു. (ഗുണനപട്ടിക, ചതുഷ്ക്രിയകൾ..)<br>ക്ലബ്ബ് രൂപീകരണം | ജൂൺ | ഗണിത അദ്ധ്യാപകർ | |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഗണിതോപകരണ ശില്പശാല/ ഒറിഗാമി (നിർമ്മാണം, പ്രദർശനം)<br>ഗണിത ശാസ്ത്രമേള സ്കൂൾതലം | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകർ | |
| ഗണിതപഠനം രസകരമാക്കുന്നതിന് | ഗണിതക്വിസ് മത്സരം/ പസിൽ-കുസൃതി കണക്കുകൾ)<br>രണ്ടാഴ്ച്ചയിൽ ഒരിക്കൽ | രണ്ടാഴ്ച്ചയിൽ ഒരിക്കൽ | ഗണിത അദ്ധ്യാപകരും ഗണിത ക്ലബ്ബ് അംഗങ്ങളും | |
| ഗണിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു. | ഗണിത അസംബ്ലി | വർഷത്തിൽ ഒരു പ്രാവശ്യം | കുട്ടികൾ | |

മേഖല യു പി വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അദ്ധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ച്ചയിൽ ഒരിക്കൽ | ഗണിത അദ്ധ്യാപകരും സമർത്ഥരായ കുട്ടികളും | |
| കച്ചവടത്തിലെ ലാഭം, നഷ്ടം എന്നിവ മനസ്സിലാക്കുന്നു. വരവ്, ചിലവ് എന്നിവയെക്കുറിച്ച് ധാരണ ഉണ്ടാവുന്നു. | Food- Fest കുട്ടികൾ കച്ചവടം നടത്തി വരവ് ചെലവ് കണക്കുകൾ ലാഭം, നഷ്ടം എന്നിവ കണ്ടെത്തുന്നു. | വർഷത്തിൽ ഒരിക്കൽ | എല്ലാ കുട്ടികളും | |
| വിവിധ രാജ്യങ്ങളിലെ കറൻസിയുടെ മൂല്യം മനസ്സിലാക്കുന്നു. | കറൻസി പ്രദർശനം | വർഷത്തിൽ ഒരു തവണ | ഗണിത അദ്ധ്യാപകരും ക്ലബ്ബിലെ അംഗങ്ങളും | |
| ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയം അലങ്കരിക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |

